# പതിമൂന്നാം കേരള നിയമസഭ
## ഒന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 877** **30.6.2011 ൽ മറുപടിക്ക്**

**കുന്ദമംഗലം-കൊടുവള്ളി കുറുങ്ങാട്ടുകടവ് പാലത്തിന്റെ ടോൾ പിരിവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി. എം. റഹീം | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) നിർമ്മാണത്തിന് എത്ര രൂപ വരെ ചെലവുവരുന്ന പാലങ്ങൾക്കാണ് ടോൾ പിരിവ് ഏർപ്പെടുത്തുന്നത് ; | (എ) ഭൂമി ഏറ്റെടുക്കൽ ചെലവുൾപ്പടെ 3 കോടിയിലധികം നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾക്കാണ് ടോൾ പിരിവ് ഏർപ്പെടുത്തിയുട്ടുള്ളത്. |
| (ബി) ടോൾ പിരിവിനുള്ള പരിധി ഏറ്റവും ഒടുവിൽ ഉയർത്തിയത് എന്നുമുതലാണ്; | (ബി) 28/4/2011 ലെ ഓർഡിനൻസ് നം. 42 of 2011 കേരള റ്റോൾ ലവി റൂൾസ് (ഭേദഗതി) പ്രകാരമാണ് ടോൾ പിരിവിനുള്ള പരിധി ഉയർത്തിയത്. |
| (സി) നിർമ്മാണം പൂർത്തീകരിച്ച ശേഷം എത്ര കാലാവധി വരെയാണ് ടോൾ പിരിവിന് നിലവിൽ വ്യവസ്ഥയുള്ളത് ; | (സി) പാലത്തിന്റെ നിർമ്മാണത്തിന് ചെലവായ തുക 9% വാർഷിക പലിശ സഹിതം പിരിഞ്ഞു കിട്ടുന്നതു വരെയോ അല്ലെങ്കിൽ ടോൾ പിരിവ് തുടങ്ങിയ വർഷം മുതൽ പരമാവധി കാലയളവ് 15 വർഷം വരെയോ ആണ് ടോൾ പിരിവ് നടത്തുന്നത്. |

| | |
|---|---|
| (ഡി) നിർദ്ദിഷ്ട പരിധിക്കു ശേഷവും ടോൾ പിരിവ് തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി). ഇല്ല |
| (ഇ) കുന്ദമംഗലം-കൊടുവള്ളി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കുറുങ്ങാട്ടുകടവ് പാലത്തിന്റെ ടോൾ പിരിവ് കാലാവധി എന്നാണ് അവസാനിക്കുന്നത് ? | (ഇ) 28/4/2011 ലെ ഓർഡിനൻസ് പ്രകാരം 26/6/2011 ന് ടോൾ പിരിവ് അവസാനിപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ